## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 859 | 25.01.2018 -ന് മറുപടിയ്ക്ക്

### പിന്നോക്ക സമുദായങ്ങളിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ :** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങളിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 2017-18-ലെ ലംപ്സം ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രണ്ട് തരത്തിലാണ് ആനുകൂല്യം അനുവദിക്കുന്നത്.<br>1. ഒ.ഇ.സി. പ്രീമെട്രിക് അസിസ്റ്റന്റ്സ്<br>2. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്.<br>ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്കുള്ള 2017-2018-ലെ ലംപ്സംഗ്രാന്റ് അൺഎയ്ഡഡ് സ്ഥാപനങ്ങളുടേതൊഴികെ വിതരണം ചെയ്തിട്ടുണ്ട്. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് സാധാരണഗതിയിൽ ഫെബ്രുവരി മാർച്ച് മാസങ്ങളിലാണ് വിതരണം ചെയ്യുന്നത്. ആയതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇവർക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിനുള്ള കാലതാമസമെന്താണെന്ന് വിശദീകരിക്കുമോ ;<br>(സി) സംസ്ഥാനത്തെ മുഴുവൻ ഒ. ബി. സി. കുട്ടികൾക്കും ലംപ്സം ഗ്രാന്റ് നൽകുന്നതിനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നോ ; വിശദീകരിക്കാമോ ; | (ബി) യും (സി) യും | ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് ലംപ്സം ഗ്രാന്റായല്ല വിതരണം ചെയ്യുന്നത്. ഒ.ഇ.സി. വിഭാഗങ്ങൾക്ക് കാലതാമസം ഇല്ലാതെ തന്നെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നുണ്ട്. സ്ഥാപന മേധാവികൾ യഥാസമയം ഓൺലൈൻ വഴി വിവരം നൽകാത്തവരുടെ കാര്യത്തിലാണ് കാലതാമസം നേരിടുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് വിദ്യാർത്ഥി |

കളുടെ വിവരങ്ങൾ ഓൺലൈൻ വഴി പുനഃസമർപ്പണം നടത്തുന്നതിന് വീണ്ടും സമയം അനുവദിച്ച് നൽകുന്നുണ്ട്. ഇതിനുള്ള തുക ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ഇവരുടെ ലംപ്സം ഗ്രാന്റ് എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദീകരിക്കാമോ ? | (ഡി) ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ ക്ലെയിമുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മേലൊപ്പ് ചാർത്തി ലഭിക്കാൻ വൈകുന്നതാണ് ആനുകൂല്യം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. ആയത് പരിഹരിക്കുന്നതിന് ഡി.ഇ.ഒ -മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് അപേക്ഷാ പ്രോസസിംഗ് പൂർത്തിയായിട്ടുണ്ട്. അർഹരായവരുടെ പട്ടിക ജനവരി 31 നകം പ്രസിദ്ധീകരിച്ച് ഫെബ്രുവരിയിൽ, സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതു മാണ്. |

സെക്ഷൻ ഓഫീസർ